## ജി.എഫ്.എച്ച്.എസ്.എസ്.പടന്നക്കടപ്പുറം

# തിര



**ഡിജിറ്റൽ മാഗസിൻ**

**ജനുവരി 2020**

# എഡിറ്റോറിയൽ ബോർഡ്


- ചീഫ് എഡിറ്റർ : സുധാകരൻ വി
- സ്റ്റാഫ് എഡിറ്റർ : സജിത.കെ.എം
  : കുഞ്ഞബ്ദുള്ള.വി.പി
  : മുഹമ്മദ് സുബൈർ വി.പി
- സ്റ്റുഡന്റ് എഡിറ്റർ : മണികണ്ഠൻ.ടി.എ

**അംഗങ്ങൾ**

- രാജൻ.പി
- കുഞ്ഞിനാരായണൻ.എ
- പ്രമോദ് കുമാർ ആലപ്പടമ്പൻ
- അനുചന്ദ്ര
- വർഷ
- മുഹമ്മദ്
- മുഹമ്മദ് ജിഷാം
- റോമിത്ത്.ടി.പി
- പാർവ്വതി.കെ.കെ
- ജസിക

# ടീം ലിറ്റിൽ കൈറ്റ്സ്



- മണികണ്ഠൻ.ടി.എ
- മുഹമ്മദ് ജിഷാം.എം.സി
- കിരൺ ബാബു
- മുഹമ്മദ്.ടി
- ഫൈറൂസ്
- മുഹമ്മദ് നജാദ്.എം.കെ
- റോമിത്ത്.ടി.പി
- നൂറ.യു
- മുബഷിറ.കെ.സി
- ഷാഹിന.എം.കെ
- ഷംസിയ.കെ
- അനുചന്ദ്ര.എൻ

വർഷ.പി
ഫാത്തിമത്ത് സഫ്രീന.എം.കെ
ഫാത്തിമത്ത് ഷംന
റിഷാന.ടി.കെ
ഹിബ ഫാത്തിമ ഷരീഫ് മുഹമ്മദ്
മുഹ്സിന.യു.എം
ആയിഷത്ത് സന
സന.കെ.കെ
ഫാത്തിമത്ത് സന
ഫാത്തിമത്ത്
റഫ്ല അബ്ദുൾ റഹ്മാൻ

## എഡിറ്റോറിയൽ

മനുഷ്യന്റെ സർഗ്ഗാത്മക വ്യക്തിത്വത്തിന്റെ ചരിത്രവഴികളിലൂടെ നാഴികക്കല്ലുകളിൽ കൊത്തിവെച്ചഅടയാളങ്ങൾ അധ്വാനത്തിന്റേയും ആത്മാർ പ്പണത്തിന്റേയും നിശ്ചയദാർഢ്യത്തിന്റേയും ഒരിക്കലും മായാത്ത തങ്ക ലിപികളാണ്.ആസുരകാലത്തിന്റെ വിഹ്വലതകളെല്ലാം നമ്മെയും വിഴുങ്ങാൻ വാ പിളർന്ന് നില്ക്കുകയാണ്.മാനവികതയുടെ മറുമരുന്നുകൊണ്ടു മാത്രമേ ഈ കെട്ട കാലത്തിന്റെ വിഷക്കാഴ്ചകളെ മറികടക്കാനാകൂ ......

ശാസ്ത്രത്തിന്റെ പുതിയ ആകാശങ്ങൾ കൈയെത്തിപ്പിടിക്കുമ്പോഴും സർഗ്ഗാത്മകതയുടെ വേരുകൾ നമ്മുടെ ഭൂമിയിൽ ഉറപ്പിച്ചുനിർത്തേണ്ടതുണ്ട് . ഹൈടെക് ക്ലാസുമുറികൾ സർഗവസന്തത്തിന്റെ പൂങ്കാവനങ്ങളായി മാറേണ്ടതുണ്ട് . അതിലേക്ക് ഒരു കൈത്തിരി കത്തിക്കുകയെന്ന ദൗത്യമാണ് ലിറ്റിൽ കൈറ്റ്സ് നിർവഹിക്കുന്നത് . അതിനുള്ള എളിയ ശ്രമമാണ് ഇത്...

ആഴിപെറ്റ് പുഴപോറ്റിയനാടിന്റെ നന്മകൾ ആത്മാവിൽ നിറയുമ്പോൾ അതേറ്റുപാടാൻ നമ്മുടെ കുഞ്ഞുമനസുകൾ നടത്തിയ വെമ്പലുകളാണ് ഈ സാഗരത്തിൽ തിരയടിക്കുന്നത് ..

സദയം സ്വീകരിച്ചാലും ..........



# സന്ദേശം

ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ പുറത്തിറക്കുന്ന തിര എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇതിലൂടെ നമ്മുടെ കുട്ടികളിലുള്ള വിവിധതരം കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ലഭിച്ചു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ഞാൻ അഭിനന്ദിക്കുന്നു.

**സുധാകരൻ.വി**
**പ്രധാനാധ്യാപകൻ**

# അലകളിൽ

## കവിത


- പൂമ്പാറ്റ : മിദ്ഹ
- മഴവില്ല് : മിദ്ഹ
- എന്റെ വീട് : നൗറീൻ പി സി
- മഴവില്ല് : നൗറീൻ പി സി
- പൂവ് : നൈനിക
- പൂമ്പാറ്റ : മുഹമ്മദ് കെ പി
- ഉണ്ണിയുടെ പൂമ്പാറ്റകൾ : ധനുഷ്
- അക്ഷരമുറ്റം : നിത്യ പി പി
- കടൽ : അനഘ രാജ് കെ


## കഥ


- എന്റെ പ്രിയക്കൂട്ടുകാരി : റിഷാന ടി കെ
- അധ്വാനത്തിന്റെ മഹത്വം : ശ്രുതി എം
- പാടവരമ്പിലൂടെ അച്ഛന്റെ കൈ പിടിച്ച് നടന്ന നേരം : സൂര്യനാരായണൻ
- ഐശ്വര്യയുടെ ഐശ്വര്യം : റിഷാന ടി കെ
- മുറ്റത്തെ മുല്ല : അവന്തിക കെ
- സാന്ത്വനം : ആയിഷ എം കെ
- തത്തയും പൂച്ചയും : ഹിസ്സാൻ യു എം
- സൈബർ ലോകത്തിലെ ആരാച്ചാർ : റിഷാന ടി കെ
- യാത്ര : ഫാത്തിമത്ത് ഷബീവ


## വരകൾ


- ആദിത്ത് സുരൂപ് ഹിസ്സാൻ യു എം
- ഷംഷാദ് ഇസ്മയിൽ ഉമർ ഫാറൂഖ്
- സൗരവ് കെ മുഹമ്മദ് സുഫിയാൻ കെ
- ദിയ സി അർച്ചന കെ കെ
- മിഥുൻ രാജ് കെ നീരജ്
- ഷിഹാന ധനുഷ് കെ വി
- അമയ ദിനേശ് സൂര്യധാർമിക്
- മുഹമ്മദ് റാസി സജീറ
- ഫാത്തിമത്ത് നഫ്രിൻ ആദിശങ്കർ കെ പി


## ലേഖനം


- കാർഷിക മേഖല നേരിടുന്നപ്രശ്നങ്ങൾ,പരിഹാരങ്ങൾ : സജിത കെ എം
- മാനവ പുരോഗതിക്ക് മൂലകങ്ങളുടെ ആവർത്തന പട്ടികയുടെ സ്വാധീനം : മുഹമ്മദ് സുബൈർ വിപി


## യാത്രാ വിവരണം


- എന്റെ യാത്ര : ഖൈറുന്നിസ കെ



മിദ്ഹ – 1 ബി

## പൂമ്പാറ്റ

പൂമ്പാറ്റ നല്ല പൂമ്പാറ്റ
പുള്ളിയുള്ള പൂമ്പാറ്റ
എന്തുനല്ല പൂമ്പാറ്റ
ഞാൻ വരച്ച പൂമ്പാറ്റ
എന്റെ സ്വന്തം പൂമ്പാറ്റ

## മഴവില്ല്

നല്ലത് നല്ലത് മഴവില്ല്
ചന്തമുള്ള മഴവില്ല്
വയലറ്റ് ഇൻഡിഗോ നീല പച്ച മഞ്ഞ ഓറഞ്ച് ചുവപ്പ്
എന്നീ നിറങ്ങളുള്ള മഴവില്ല്
ഏഴ് നിറങ്ങൾ ഉള്ള മഴവില്ല്
നല്ല ചന്തമുള്ള മഴവില്ല്



നൗറീൻ.പി.സി
1B

## എന്റെ വീട്

വീട് നല്ല വീട്
ഞാൻ വരച്ച വീട്
എന്തു നല്ല വീട്
എന്റെ സ്വന്തം വീട്
എന്റെ കൊച്ചു വീട്
ഞങ്ങളുടെ വീട്
ഉമ്മയുള്ള ഉപ്പയുള്ള ചേട്ടനുള്ള വീട്

## മഴവില്ല്

മാനത്തുണ്ടൊരു മഴവില്ല്
മഴവില്ലിന് ഏഴു വർണ്ണമാണ്
കാണാൻ എന്തൊരു ചന്തമാണ്
എന്റെട്ടുത്തു വന്ന് എനിക്കൊരു
വർണ്ണം തരുമോ മഴവില്ലേ ?





ആദിത്ത് സുരൂപ്





റിഷാന.ടി.കെ

## എന്റെ പ്രിയപ്പെട്ട കൂട്ടുകാരി

എന്താണെന്നറിയില്ല പ്രകൃതിയുമായി വളരെയധികം അടുത്തവളാണ് ഞാൻ. അത് കൊണ്ട് തന്നെ ഭൂമുഖത്തുള്ള ഏതൊരു മിണ്ടാപ്രാണിയുടെയും ചലനങ്ങൾ എനിക്ക് പെട്ടെന്ന് മനസിലാവുമായിരുന്നു. ഒരു ദിവസം ഞാൻ തനിച്ച് വയൽ വരമ്പിലൂടെ ഇങ്ങനെ നടക്കുകയായിരുന്നു. പെട്ടെന്ന് എന്തോ ഒന്ന് എന്റെ കാലിൽ തടഞ്ഞു. ഞാൻ അത് എന്തെന്നറിയാൻ വേണ്ടി എന്റെ കാല് പതുക്കെ ഒന്ന് അങ്ങോട്ട് മാറ്റി. അതൊരു പാവം തത്തക്കുഞ്ഞായിരുന്നു. അതിന്റെ കാലിലും ചിറകിലും മുറിവ് പറ്റിയിട്ടുമുണ്ട്. ഞാൻ കരുതി അത് ഭൂമിയോട് വിട പറഞ്ഞു എന്ന്.അതിന്റെ ദയനീയാവസ്ഥ കണ്ടപ്പോൾ ഞാൻ കരഞ്ഞു പോയി. എന്റെ ഒരു തുള്ളി കണ്ണുനീര് അതിന്റെ ദേഹത്തു വീഴുമ്പോ തന്നെ അത് ചെറുതായി ഒന്നുപിടഞ്ഞു. അപ്പോൾ എനിക്ക് മനസ്സിലായി ഇതിന് ജീവൻ ഉണ്ടെന്ന്. ഞാൻ ഉടനെ തന്നെ അതിനേയും എടുത്ത് വീട്ടിലേക്ക് പോയി.

മുറിവെണ്ണ പുരട്ടിക്കൊടുത്ത് മെല്ലെ ഞാൻ തടവിക്കൊടുത്തു. എന്നിട്ട് ഒരു തുണി കൊണ്ട് ആ മുറിവ് പൊതിഞ്ഞു. എന്നിട്ട് എന്റെ കിടക്കയിൽ ഒരു ചെറിയ പുതപ്പ് ചെറുതായി മടക്കി വെച്ച് അതിന്റെ മുകളിൽ ഞാൻ അതിനെ കിടത്തി അതിന് നല്ല ആശ്വാസം കിട്ടുന്നതുപോലെ എനിക്ക് തോന്നി. മറിച്ച് അമ്മയെ കാണാത്തതിൽ വിഷമവും ഉണ്ടെന്ന് മനസ്സിലായി. ഞാൻ മനസ്സിൽ വിചാരിച്ചു. ഇതിന്റെ മുറിവ് പൂർണമായും ഒന്ന് ഉണങ്ങിക്കോട്ടെ..... എന്നിട്ട് വേണം ഇതിന്റെ അമ്മയുടെ അടുത്ത് കൊണ്ട് വിടാൻ അങ്ങനെ പലതും ചിന്തിക്കുമ്പോഴേക്കും നേരം വല്ലാതെ വൈകിയിരുന്നു. രാത്രി കിടക്കേണ്ട സമയമായി. ഞാൻ ഭക്ഷണം കഴിക്കുന്നതിനുമുമ്പ് തത്തക്കുഞ്ഞിന്റെ അടുത്തുപോയി അതിനെ വേദനിപ്പിക്കാതെ മെല്ലെ വാരിയെടുത്തു. എന്നിട്ട് കുറച്ച് വെള്ളവും ഭക്ഷണവും നൽകി. മുറിവിന്റെ ക്ഷീണം കാരണം തത്തക്കുഞ്ഞ് പെട്ടെന്ന് തന്നെ മയങ്ങിപോയി. ഞാൻ അതിനെ എങ്ങനെയാണോ

എടുത്തത് അതുപോലെ തന്നെ അവിടെ കൊണ്ടുപോയിക്കിടത്തി. "എനിക്ക് വളരെ സന്തോഷമുള്ള ദിവസമാണ് ഇന്ന്" എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ഞാനും അതിന്റെ കൂടെ കിടന്നുറങ്ങി. നേരം വെളുത്തു. ഞാൻ എഴുന്നേൽക്കുന്നതിനുമുമ്പേ തത്തക്കുഞ്ഞ് എഴുന്നേറ്റു. അവളാണ് എന്നെ ഉണർത്തിയതും. ഞാൻ എണീറ്റ ഉടനെ അവളോട് ഗുഡ്മോണിംഗ് പറഞ്ഞു. അത്ഭുതം ! അതേ വാക്ക് അവൾ എന്നോടും ഇങ്ങോട്ട് തിരിച്ചു. ഞാൻ ആദ്യം കരുതിയത് മനുഷ്യക്കുട്ടി തത്തയായി മാറിയതായിരിക്കും എന്നാണ്. എന്നാൽ എനിക്ക് തെറ്റി അത് സംസാരിക്കാൻ കഴിവുള്ള ഒരു തത്തക്കുട്ടി തന്നെയായിരുന്നു.

ഞാനെന്റെ പ്രഭാത കൃത്യങ്ങളൊക്കെ കഴിഞ്ഞ ശേഷം അവളെയും കൂട്ടി വയൽ വരമ്പത്ത് പോയി. ആ സ്ഥലം കണ്ടതും അവൾ കരയാൻ തുടങ്ങി.ഞാൻ അവളോട് എന്തു പറ്റി എന്ന് ചോദിച്ചു. അതേ പോലെ തന്നെ വീണ്ടും അവളെന്നോട് ഇങ്ങോട്ട് തിരിച്ചുപറഞ്ഞു. അവൾ നമ്മുടെ ഭാഷ ശരിക്കും പഠിച്ചിട്ടില്ല എന്നെനിക്ക് മനസ്സിലായി. പക്ഷെ അവൾ കരയുന്നതോടൊപ്പം തന്നെ ദൂരെയുള്ള ആ മാമലക്കുന്നിലേക്ക് നോക്കുന്നുമുണ്ട്. അപ്പോൾ എനിക്ക് മനസ്സിലായി, അവളുടെ താമസം അവിടെയാണെന്നും അവളുടെ അച്ഛനും അമ്മയും അവിടെയാണ് ഉള്ളതെന്നും. പാവം തത്തക്കുഞ്ഞ്! ഇതിനെ ഞാൻ ഇപ്പം തനിച്ച് എങ്ങനെയാ ആ മാമലക്കുന്ന് വരെ വിടുക. മാത്രമല്ല ഇതിന്റെ മുറിവ് പൂർണമായും മാറിയിട്ടുമില്ല.

അങ്ങനെ രണ്ട് മൂന്ന് ആഴ്ചകൾ കടന്നുപോയി. തത്തക്കുഞ്ഞ് മനുഷ്യഭാഷ പഠിച്ചു. എനിക്ക് വളരെ സന്തോഷമായി. മാത്രവുമല്ല എനിക്ക് ഒരു കൂട്ടുകാരിയെ കിട്ടിയ സന്തോഷവുമുണ്ടായിരുന്നു. പക്ഷെ അവൾ ഇന്നോ നാളെയോ ആയി അവളുടെ നാട്ടിലേക്ക് പോവും. ഞാൻ തനിച്ചാകും. അറിയാതെ എന്റെ കണ്ണിൽ നിന്നും കണ്ണുനീര് ധാരയായി ഒഴുകിക്കൊണ്ടിരുന്നു. പെട്ടെന്ന് തത്തക്കുഞ്ഞ് എന്റെ തോളിൽ കയറിയിരുന്നു.എന്നിട്ട് എന്നോട് ചോദിച്ചു. എന്തുപറ്റി കൂട്ടുകാരി? നീ എന്തിനാണ് കരയുന്നത്? അവളുടെ ആ വാക്കുകൾ കേട്ടപ്പോൾ എന്റെ മനസ്സ് തകർന്നതുപോലെയായിരുന്നു. ഞാൻ അവളോട് കാര്യം തുറന്ന് പറഞ്ഞു. അന്നേരം അവൾ എന്നോട് പറയുവാ! ഞാൻ ഒരിക്കലും നിന്നെ ഇവിടെ തനിച്ചാക്കിപോവില്ല. നിനക്ക് എന്നെ കാണണം എന്നു തോന്നിയാൽ വയൽ വരമ്പിൽ വന്ന് നിന്നാൽ മതി. എന്നിട്ട് ഉറക്കെ മിന്നൂ എന്ന് വിളിക്കണം. അപ്പോൾ ഞാൻ എന്റെ പ്രിയപ്പെട്ട കൂട്ടുകാരിയുടെ അരികിൽ പറന്നുവരും. ഇത്രയും പറഞ്ഞുകൊണ്ട് അവൾ കണ്ണുനീര് തുടച്ചു. ഞാൻ അവളെ വാരിപുണർന്ന് സ്നേഹത്തോടെ ചുംബിച്ചു.

അങ്ങനെ പെട്ടൊന്നൊരു ദിവസം ഞാൻ എഴുന്നേറ്റപ്പോഴേക്കും മിന്നുവിനെ കാണാനില്ല. ഞാൻ അവളെ എല്ലായിടത്തും അന്വേഷിച്ചു. പെട്ടെന്ന് എനിക്കൊരു

കാര്യം ഓർമ്മവന്നു. നിനക്കെന്നെ കാണാൻ തോന്നുമ്പോഴൊക്കെ ആ വയൽ വരമ്പിൽ വന്നാൽ മതി. എന്നിട്ട് ഉറക്കെ മിന്നൂ എന്ന് വിളിക്കണം. അപ്പോൾ ഞാൻ എന്റെ പ്രിയപ്പെട്ട കൂട്ടുകാരിയുടെ അടുക്കൽ പറന്നെത്തും. ഞാൻ ഉടനെതന്നെ പ്രഭാതകൃത്യങ്ങളൊക്കെ ചെയ്ത് വയൽ വരമ്പിൽ പോയി. എന്നിട്ട് ഉറക്കെ വിളിച്ചു മിന്നൂ... അതാ ദൂരെ നിന്നും സന്തോഷത്തിൽ മിന്നു പാറിവരുന്നു. അവളുടെ കൂടെ വേറെയും രണ്ട് തത്തകൾ ഉണ്ടായിരുന്നു. അതവളുടെ അച്ഛനും അമ്മയുമായിരുന്നു. അവളെ എന്റെ അടുക്കൽ കൊണ്ടുവിടാൻ വന്നതായിരുന്നു. അവളെ അവിടെ ആക്കിയതിനുശേഷം അവർ രണ്ടു പേരും എന്നോട് എന്തോ ഒന്ന് പറഞ്ഞു.എന്നിട്ട് പെട്ടെന്ന് തന്നെ പറന്നകലുകയും ചെയ്തു. അപ്പോ മിന്നു എന്നോട് പറഞ്ഞു . അവര് എന്താ പറഞ്ഞതെന്നറിയോ? എന്റെ മോളെ പൊന്ന് പോലെ നോക്കിക്കൊള്ളണം എന്ന്. കാരണം ഇനി ഞാൻ എന്റെ പ്രിയപ്പെട്ട കൂട്ടുകാരിയുടെ അരികിൽ നിന്നും എവിടേക്കും പോകില്ല. എന്നെ കാണണം എന്നു തോന്നുമ്പോ എന്റെ അമ്മയും അച്ഛനും എന്റെ അടുത്തേക്ക് വരും.

ഞാൻ സന്തോഷം കൊണ്ട് അവിടെനിന്നും പാട്ടുംപാടി സ്വയം ആനന്ദനൃത്തം ചെയ്തു. എന്നോടൊപ്പം അവളും കൂടി. അപ്പോൾ തന്നെ മഴയും പെയ്തു. എന്നിട്ട് അവൾ ഉറക്കെ പറഞ്ഞു: എന്റെ പ്രിയപ്പെട്ട കൂട്ടുകാരി നീയൊരു "പ്രകൃതി ദേവത " തന്നെ. ഞാൻ എന്തെന്ന് ചോദിക്കുന്നതിനുമുമ്പേ അവൾ എന്നോട് പറഞ്ഞു. കാരണം ഞാൻ മുറിവ് പറ്റി വീണു കിടക്കുമ്പോൾ നീ വരുന്നതിനു മുമ്പേ കുറേ പേർ എന്നെ അങ്ങനെ കിടക്കുന്നതായി കണ്ടിരുന്നു. അപ്പോ അവരൊക്കെ ചത്തതല്ലേ എന്നു പറഞ്ഞ് എന്നെ അവിടെതന്നെ ഉപേക്ഷിച്ചു.പക്ഷേ നീയാണ് എന്നെ രക്ഷിച്ചത്. പ്രകൃതിയോട് വളരെ അടുത്തവർ മാത്രമേ ഇങ്ങനെ പ്രവർത്തിക്കുകയുള്ളൂ. മാത്രമല്ല, ഞാൻ കരഞ്ഞപ്പോ നിനക്ക് മനസ്സിലായില്ലേ ഞാനെന്റെ അച്ഛനെയും അമ്മയെയും കാണാത്തതിലാണ് കരയുന്നതെന്ന്. അതൊക്കെ പ്രകൃതിയെ നന്നായി അറിയുന്നവർക്ക് മാത്രമേ സാധിക്കൂ.മാത്രമല്ല മിണ്ടാപ്രാണികളോട് കരുണയുള്ളവർക്കും അത് സാധിക്കും. അതാണ് എന്റെ പ്രിയപ്പെട്ട കൂട്ടുകാരി. ഞാൻ നിന്നെ വിട്ട് പോവില്ല എന്ന് പറഞ്ഞ് നീ സന്തോഷം കൊണ്ട് സ്വയം പാട്ടു പാടി ആനന്ദ നൃത്തം ചെയ്തപ്പോൾ മഴയും സന്തോഷം കൊണ്ട് നിന്നോടൊപ്പം ആനന്ദനൃത്തം ചെയ്തു. നീ ശരിക്കും ഒരു പ്രകൃതി ദേവത തന്നെയാ ....എന്റെ പ്രിയപ്പെട്ട കൂട്ടുകാരി.....





**ഷംഷാദ ഇസ്മയിൽ 3എ**



സൗരവ്.കെ 3ബി



ശ്രുതി.എം

## അധ്വാനത്തിന്റെ മഹത്വം

ഒരിടത്ത് ഒരു കർഷകൻ കൃഷി ചെയ്യുന്നുണ്ടായിരുന്നു. കൃഷി ചെയ്യുകയല്ലാതെ ജീവിക്കാൻ അദ്ദേഹത്തിന് മറ്റൊരു മാർഗമില്ലായിരുന്നു. അദ്ദേഹം വെറുമൊരു സാധുവായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ മരിച്ചു. രണ്ട് മക്കളാണ് ആകെ അദ്ദേഹത്തിനുള്ളത് അശ്വതിയും അശ്വിനും. അവരാണെങ്കിൽ ഒരു ജോലിയും ചെയ്യുകയില്ല. എന്നും ദൂരദേശങ്ങളിലേക്ക് യാത്ര ചെയ്യും. കൂടാതെ അവർ അച്ഛൻ കൃഷി ചെയ്യുന്ന ധാന്യങ്ങൾ കഴിക്കാതെ ദൂരദേശങ്ങളിൽ നിന്ന്  കടകളിലുള്ള പാക്കറ്റുധാന്യങ്ങൾ കഴിക്കുന്നു. ഒരു ദിവസം അദ്ദേഹം പാടത്തിൽ പണിയെടുക്കുമ്പോൾ വെയിലൊക്കെ കൊണ്ട് ആകെ ക്ഷീണിച്ചു. ആ സമയം അദ്ദേഹത്തിന് ശ്വാസം ലഭിക്കുന്നില്ലായിരുന്നു. മക്കൾ രണ്ടുപേരും ഇന്ന് യാത്രയ്ക്ക് പോയില്ല. കാരണം വാഹനത്തിന് കേട് സംഭവിച്ചിരുന്നു. അദ്ദേഹം പാടവരമ്പിൽ നിന്നും  പിടയുമ്പോൾ മക്കൾ ആ അച്ഛനെ ഒരു നോക്ക് നോക്കുന്നില്ല. അദ്ദേഹം ആ പാടത്ത് നിന്നും പിടഞ്ഞ് മരിച്ചു.

അപ്പോൾ മക്കൾ രണ്ട്പേരും ഒറ്റപ്പെട്ടു. അച്ഛനാണ് ജോലി ചെയ്യുക . കഴിക്കാനുള്ള ഭക്ഷണവും അച്ഛനാണ് നൽകുന്നത്. ആ അച്ഛൻ മരിച്ചപ്പോൾ മക്കൾ യാത്ര നിർത്തി. അച്ഛൻ അവരോട് പറഞ്ഞത് പോലെ അവർ ജോലിക്ക് പോയി. കൃഷിയായിരുന്നു അവരുടെ ജോലി. ഒരു ദിവസം കൃഷി ചെയ്തപ്പോൾ വെയിലേറ്റ് ആകെ ക്ഷീണിച്ചു. ഒരു ദിവസത്തെ കൂലി അവർ വാങ്ങിച്ചു. പിന്നീട് വേറെ ജോലി അന്വേഷിച്ചു.അങ്ങനെ ഒരു ഫാക്ടറിയിൽ ജോലി ലഭിച്ചു. അന്ന് അവിടെ ജോലി ചെയ്തു. ഒരു ദിവസത്തെ കൂലി എന്നത് കൃഷിക്ക് ലഭിക്കുന്ന കൂലിയുടെ പകുതിയായിരുന്നു. അവർക്ക് ധാന്യങ്ങൾ കഴിക്കാത്തതിനാൽ ഫാക്ടറിയിൽ നിന്നും ലഭിക്കുന്ന ആഹാരം കഴിച്ച് അശ്വതിയുടെ വയറിൽ അസുഖം വന്നു.പിന്നെ അവളെ ആശുപത്രിയിൽ എത്തിച്ചു. ധാന്യങ്ങൾ കഴിക്കണമെന്ന് ഡോക്ടർ ആവശ്യപ്പെട്ടു. ധാന്യങ്ങൾ കഴിച്ചതോടെ അവളുടെ അസുഖം മാറി. അങ്ങനെയാണവർ കൃഷിയുടെ മഹത്വം തിരിച്ചറിഞ്ഞു. ദിവസവും കൃഷിചെയ്തു. അച്ഛൻ ദിവസവും കൃഷി ചെയ്യുന്നത്  ഇങ്ങനെയാണോ? പാവം തന്നെ അച്ഛൻ അധ്വാനത്തിന്റെ മഹത്വവും അവർ ഇതിൽ മനസിലാക്കി.

ഗുണപാഠം :-(മടിയൻ മലചുമക്കും) കൃഷി ചെയ്യാതെ ജീവിതം മുന്നോട്ടില്ല.

തിര ജി.എഫ്.എച്ച്.എസ്.എസ്.പടന്നക്കടപ്പുറം





**ദിയ.സി**
**3 എ**



**മിഥുൻരാജ്**





നൈനിക.എ.വി
1 B

## പൂവ്

പൂവ് നല്ല പൂവ്
വീട്ടിലുള്ളൊരു പൂവ്
ചുവപ്പ് നിറമുള്ള പൂവ്
എന്തു നല്ല പൂവ്
എന്റെ സ്വന്തം പൂവ്



മുഹമ്മദ്.കെ.പി
1 A


## പൂമ്പാറ്റ

താമര പൂവിൽ ഒരു
പൂമ്പാറ്റ വന്നിരുന്നു
കാറ്റു വീശി
പൂമ്പാറ്റ പറന്നു
മരച്ചോട്ടിലിരുന്നു
കാക്ക വന്നു കൂട്ടിലിരുന്നു
പൂമ്പാറ്റ കാക്കയെ കണ്ടു
കാക്ക പൂമ്പാറ്റയെ കണ്ടു
കാക്കയും പൂമ്പാറ്റയും പറന്നു
പൂമ്പാറ്റ പൂവിൽ പോയി തേൻ കുടിച്ചു
പൂമ്പാറ്റ പറന്നു പറന്നു പോയി.





ഷിഹാന





അമയ ദിനേശ് 3എ



**സൂര്യനാരായണൻ**

## പാടവരമ്പിലൂടെ അച്ഛന്റെ കൈ പിടിച്ചു നടന്ന നേരം

ഒരു നാട്ടുണ്ട് കായലും കുന്നും പുഴകളും പാടവരമ്പുമുള്ള ഒരു ഗ്രാമം. അവിടെ ഒരു കർഷക കുടുംബമുണ്ടായിരുന്നു. അവർ നാലു പേരുണ്ടായിരുന്നു. അച്ഛൻ, അമ്മ, മക്കൾ. മകന്റെ പേര് ആദിത്യൻ എന്നാണ് .അവൻ നന്നായി പഠിക്കും.അവന്റെ അച്ഛന്റെ ആഗ്രഹവും അതാണ് പഠിപ്പിച്ചുവലിയ വക്കീലാക്കുക എന്നാണ്.പക്ഷേ അവന് ഏറ്റവും ഇഷ്ടം അച്ഛന്റെ കയ്യും പിടിച്ച് പാടവരമ്പിലൂടെ നടക്കുന്നതാണ്. അവിടത്തെ ഏറ്റവും ധനികരായ കർഷകകുടുംബമാണവരുടേത്.അവനും ആ വക്കീലാവാൻ ആഗ്രഹം മൂത്തു അവൻ പഠിച്ച് പഠിച്ച് വളരാൻ തുടങ്ങി.അങ്ങനെ അവൻ വക്കീൽ ക്ലാസിനുപോയി അങ്ങനെ കുറേയേറെക്കാലം കുറേ പണം ചെലവാക്കി പഠിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം കൃഷിച്ചെയ്യുന്നതിനിടെ അവന്റെ അച്ഛനെ ഒരു പാമ്പ് കടിച്ചു.

അവന്റെ അച്ഛൻ അത് വലിയകാര്യമാക്കിയില്ല. പിന്നെ വിഷം കയറി തളർന്നുവീഴുകയുണ്ടായി.അപ്പോൾ മരിക്കുന്നതിനുതൊട്ടുമുമ്പും അവന്റെ അച്ഛൻ പറഞ്ഞു"മോനേ നീയൊരു വക്കീലാകണം എന്നിട്ട് അയാൾ മരിച്ചു "അവന് വളരെ വിഷമമായി.ഇനി ആരുടെ കൂടെയാണ് ഞാൻ കയ്യും പിടിച്ച് പാടവരമ്പിലൂടെ നടക്കുക അവന് വളരെ വിഷമമായി കുറെ കഴിഞ്ഞ് അവൻ പഠിത്തത്തിന്റെ അവസാന ഘട്ടത്തിൽ അവന് പഠിക്കാൻ പണമില്ലാതായി അപ്പോൾ അവൻ വളരെ വിഷമിപ്പിച്ചു എന്റെ അച്ഛൻ കഷ്ടപ്പെട്ട് പഠിപ്പിച്ച് ഇത്രവരെ എത്തിപ്പിച്ച് എനിക്ക് അതിന് വിജയം കൈവരിക്കാൻ കഴിഞ്ഞില്ലല്ലോ! എന്റെ അച്ഛന്റെ ആത്മാവ് വിഷമിക്കും അതുകൊണ്ടെനിക്ക് എന്തായാലും വിജയിക്കണം എന്ന് പറഞ്ഞവൻ വാടകയ്ക്ക് ഒരു ഓട്ടോ വാങ്ങി രാത്രികാലങ്ങളിൽ അതോടിച്ച് അതിന്റെ വരുമാനത്തിൽ കുടുംബത്തിനും വിദ്യാഭ്യാസത്തിനും ഉപയോഗിക്കാൻ കഴിഞ്ഞില്ല അതുകൊണ്ട് എന്റെ വീടിനടുത്തുള്ള കുട്ടികളെ ട്യൂഷനെടുത്തു ജീവിച്ചു.അപ്പോൾ ഞാൻ എന്റെ അച്ഛനെ ഓർമിച്ചു.അച്ഛന്റെ കൂടെ പാടവരമ്പിലൂടെ നടന്നതോർമിച്ചു. അപ്പോൾ എന്റെ അച്ഛൻ പറയാറുണ്ട് ജീവിക്കാൻ ഒരുപാട് പണിയുണ്ട് ഒരുപാട് അധ്വാനിക്കണം എന്നാലെ വിജയിക്കാൻ കഴിയൂ ജീവിതത്തിൽ പിന്നീടെനിക്ക് ഓർമ്മ വന്നു.ഇങ്ങനെയൊക്കെ അധ്വാനിച്ചാണ് എന്നെ പഠിപ്പിക്കുന്നത് പിന്നെ ഒരുദിവസം പറഞ്ഞു പാടവരമ്പിലൂടെ നടന്നപ്പോൾ നീ വക്കീലായി പാവപ്പെട്ടവരുടെ കേസും തെളിയിച്ചു.

ഇതിന്റെ ഗുണപാഠം എന്നത് അധ്വാനിച്ച് പഠിച്ചാൽ വിജയം ഉറപ്പാണ്.

 ജി.എഫ്.എച്ച്.എസ്.എസ്.പടന്നക്കടപ്പുറം

ധനുഷ് .കെ.വി

## ഉണ്ണിയുടെ പൂമ്പാറ്റകൾ

ഉണ്ണി വേനലവധിക്ക് അമ്മാവന്റ
വീട്ടിലായിരുന്നു.അമ്മാവന്റെ മകനോട്
ഒത്ത് കളിച്ച് രസിച്ച് ദിവസങ്ങൾ
കഴിഞ്ഞ് പോയതേ അറിഞ്ഞില്ല വീട്ടിൽ
തിരിച്ചെത്തിയ ഉണ്ണി നേരെ പോയത്
തൊടിയിലേക്കാണ്.തൊടിയിലൂടെ
നടന്നപ്പോൾ ഉണ്ണിക്ക് വല്ലാത്ത സങ്കടം
തോന്നി. ഒറ്റ പൂമ്പാറ്റയെപ്പോലും
തൊടിയിൽ കാണാനില്ല ഉണ്ണി
പോകുന്നതിനുമുമ്പേ തൊടി നിറയെ
പൂമ്പാറ്റകൾ ഉണ്ടായിരുന്നു.
തൊടിയിലൂടെ ഏറെ നേരം നടന്നിട്ടും ഒരു
വിലാസിനിയെപ്പോലും കാണാൻ
കഴിഞ്ഞില്ല. ഈ അരണ്ട ശലഭങ്ങൾ ഒക്കെ
എവിടെപ്പോയി? മഞ്ഞപ്പാപ്പാത്തിയില്ല.







മുഹമ്മദ് റാസി.എ.സി
4 എ



**ഫാത്തിമ നഫ്രിൻ.എം**





റിഷാന ടി.കെ

# ഐശ്വര്യയുടെ ഐശ്വര്യം

ഭൂമിയിൽ ജനിച്ചുവീഴുമ്പോൾ തന്നെ വെളിച്ചം എന്തെന്ന് അവൾ അറിഞ്ഞിട്ടില്ല.വളർന്നുവലുതായപ്പോഴും അവളുടെ ചിന്ത വെളിച്ചം എന്ന ഒന്ന് ഭൂമിയിൽ ഇല്ലാ എന്നായിരുന്നു.മുലപ്പാലിന്റെ മധുരം എങ്ങനെയെന്ന് പോലും അവൾ അറിഞ്ഞിട്ടില്ല.താലോലപ്പാട്ടിന്റെ ഈണം എന്തെന്ന് പോലും അവൾ അറിഞ്ഞിട്ടില്ല. സ്വന്തം മാതാപിതാക്കളുടെ സ്പർശനം പോലും അവൾ അറിഞ്ഞിട്ടില്ല.

പുലർച്ചെ 4 മണിക്ക് അവൾ എഴുന്നേൽക്കും. കുളിച്ച് വൃത്തിയായതിന് ശേഷം കിട്ടുന്നതെന്താണോ അതും കഴിച്ച് ഒരു 5 മണി അല്ലെങ്കിൽ 5:30 ഈ സമയത്ത് അവൾ ഇറങ്ങും.വൈകുന്നേരം 6 മണിക്ക് അവൾ തിരിച്ചെത്തും. എല്ലായിപ്പോഴും ഒരേ സ്ഥലത്ത് തന്നെ അവൾ ഉണ്ടാവണമെന്നില്ല.കിട്ടിയിടത്ത് കിടന്നുറങ്ങും. കാഴ്ചയില്ലെങ്കിലും, അവൾക്കാവുന്ന സഹായം അവൾ എല്ലാവർക്കും ചെയ്തു കൊടുക്കും. മാത്രമല്ല, തെണ്ടിത്തിരിഞ്ഞാണ് നടത്തമെങ്കിലും അവളെ കാണാൻ നല്ല സുന്ദരിയായിരുന്നു.പാട്ടു പാടിയിട്ടായിരുന്നു അവൾ കാശ് ഉണ്ടാക്കുന്നത്.

കാലം ഒരു പാട് കഴിഞ്ഞു. അവൾക്ക് ഇപ്പോൾ 11 വയസ്സായി. അവൾ എപ്പോഴും ചെയ്യുന്നത് പോലെ തന്നെ പാട്ടു പാടി തെരുവുതോറും നടക്കാൻ തുടങ്ങി. പെട്ടെന്നവളെ എന്തൊ ഒന്ന് വന്ന് തടഞ്ഞു. അവൾ കയ്യിലുണ്ടായിരുന്ന വടി കൊണ്ട് മുഴുവൻ ഒന്നു തൊട്ടു നോക്കി. അവിടെയെങ്ങും ഒന്നു മുണ്ടായിരുന്നില്ല. അവൾ വീണ്ടും നടക്കാൻ തുടങ്ങിയപ്പോൾ പിന്നിൽ നിന്നും ഒരു ശബ്ദം കേട്ടു "മോളെ, ഒന്നവിടെ നിന്നെ ". അവൾ ആദ്യമായിട്ടായിരുന്നു സ്നേഹത്തോടെയുള്ള ആ വിളി കേൾക്കുന്നത്. അവൾ തിരിച്ച് ചോദിച്ച്: ആരാണ്? അവളുടെ ആ ശബ്ദം ആ സ്ത്രീക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. എന്റെ പേര് സുനിത എന്നാണ്. ആ സ്ത്രീ പറഞ്ഞു. മോളുടെ പേരെന്താ?

"എനിക്കങ്ങനെ പ്രത്യേകിച്ച് പേരൊന്നുമില്ല. "

"നിന്നെ എല്ലാരും എന്താ വിളിക്കാറ്?"

"അങ്ങനെ എനിക്ക് കുറേ പേരുണ്ട്."

അതെന്താണെന്ന് പറയോ?
മിന്നു,ചിന്നു,smarty....അങ്ങനെ പലതും
നിനക്ക് അച്ഛനമ്മയൊന്നും ഇല്ലേ?
ഇല്ല
എന്ത് പറ്റി?
"ഞാൻ ഭൂമിയിൽ ജനിച്ച വീഴുമ്പോളെ അവരെ കണ്ടിട്ടില്ല"
പിന്നെങ്ങനെ നീ ഇത്രയും നാളും കാഴ്ചയില്ലാതെ ജീവിച്ചു?
അതെനിക്ക് അറിഞ്ഞൂടാ ..
നീ ഇതുവരെ സ്കൂളിൽ പോയിട്ടുണ്ടോ?
എന്തിനാ?
അല്ലാ..നീ ഭംഗിയായി പാട്ടു പാടുന്നുണ്ടല്ലോ അതിൽ പ്രകൃതിപോലും താളം വെക്കുന്നുണ്ടെന്നാ എനിക്ക് തോന്നുന്നത്.അതും കൊണ്ട് ചോദിച്ചതാ.
"ഭൂമയുടെ ഒരറ്റത്തു നിന്നും തുടങ്ങിയതാ എന്റെ ഈ യാത്ര."എപ്പോ ഇത് അവസാനിക്കുമെന്ന് പോലും എനിക്കറിഞ്ഞുടാ..
മോള് പേടിക്കേണ്ട. ഇനി എന്തിനും ഏതിനും നിന്നോടൊപ്പം ഞാനുണ്ട്
എന്ത്
അതെ നിന്നെ ദൈവമായിട്ട് എന്റെ മുമ്പിൽ കൊണ്ടു തന്നതാ. നീ എന്റെ സ്വന്തം മോളെ പോലെ തന്നെയാ എനിക്ക്. മോള് വാ...

പിന്നീടുള്ള കാലം അവൾ ആ സ്ത്രീയുടെ വീട്ടിൽ സുഖമായി ജീവിച്ചു. അവളുടെ കണ്ണിന്റെ ചികിത്സയും സുനിത തന്നെ ഏറ്റെടുത്തു. അവൾ സ്കൂളിൽ പോവാനും തുടങ്ങി. അങ്ങനെ സുനിത അവൾക്കൊരു പേരിട്ടു. ഐശ്വര്യ.



**സജിത.കെ.എം**

# കാർഷിക മേഖല നേരിടുന്നപ്രശ്നങ്ങൾ,പരിഹാരങ്ങൾ

കേരളത്തിലെ കാർഷികമേഖല ധാരാളം പ്രശ്നങ്ങൾ നേരിടുകയാണ്. അതുകൊണ്ടുത്തന്നെ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയുണ്ട്. അവിടെയുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ മറ്റ് പ്രയാസങ്ങൾ എന്നിവയെല്ലാം രൂക്ഷമായ വിലക്കയറ്റത്തിനും ക്ഷാമത്തിനും ഇടയാക്കുന്നു. പ്രശ്നങ്ങൾ വിശദമായി മനസ്സിലാക്കി പ്രശ്നപരിഹാരം കണ്ടെത്തേണ്ടതുണ്ട്.

**പ്രധാന പ്രശ്നങ്ങൾ**

.സ്ഥലപരിമിതി

.ശാസ്ത്രീയ കൃഷിരീതിയെ കുറിച്ചുള്ള അറിവില്ലായ്മ

.സങ്കരയിനം വിത്തിനങ്ങളുടെ പരിചയക്കുറവ്

.വളപ്രയോഗം, കീടനാശിനി ഉപയോഗം

.വിലനഷ്ടം, വിളവ് നഷ്ടം

.കാലാവസ്ഥാവ്യതിയാനം

.തൊഴിലാളിക്ഷാമം

.കൃഷിയോടുള്ള താൽപര്യക്കുറവ്

.ജലസേചനസൗകര്യക്കുറവ്

**പരിഹാരമാർഗങ്ങൾ**

- ഹൈടെക്ക് കൃഷി രീതികളായ പ്രിസിഷൻ കൾച്ചർ, പോളിഫാമിങ്, ഹൈഡ്രോപോണിക്സ്,എയ്റോപോണിക്സ് എന്നിവ നാട്ടിൽ പ്രചാരത്തിൽ വരുന്നുണ്ട്.
- മട്ടുപ്പാവ്കൃഷി, ഗ്രോബാഗ്കൃഷി തുടങ്ങിയ പ്രായോഗികരീതികൾ പ്രയോജനപ്പെടുത്തുന്നതിലൂടെ സ്ഥലപരിമിതി മറികടക്കാം
- കർഷകകൂട്ടായ്മയിലൂടെ സൊസൈറ്റികൾ രൂപികരിച്ചുകൊണ്ട് വില്പന കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിലൂടെ ലാഭ വിഹിതം കർഷകർക്ക് തന്നെ ലഭിക്കുന്നു.
- കുടുംബശ്രീപോലുള്ള സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നു.
- കൃഷിഭവൻ മുഖാന്തിരം ശാസ്ത്രീയകൃഷിരീതികൾ ,കളനിയന്ത്രണം , കീടനിയന്ത്രണം, യന്ത്രസാമഗ്രികൾ പരിചയപ്പെടൽ തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുക, വിത്തും വളങ്ങളും ലഭ്യമാക്കുക.കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.
- സംയോജിത കൃഷി നടപ്പിലാക്കുക.
- ബാങ്കുകൾ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുക.
- വിള ഇൻഷൂറൻസ് ഏർപ്പെടുത്തുക.
- കൃഷി ആദായകരകമായി വരുമ്പോൾ കൂടുതൽ വിഭാഗങ്ങൾ കൃഷിയിലേക്ക് തിരിയുന്നു. സ്വന്തം ആവശ്യങ്ങൾക്കെങ്കിലും കൃഷിചെയ്യുന്നു.
- വിഷരഹിതമായ പച്ചക്കറിഎന്ന ആശയം കൈവരിക്കുന്നു. കാർഷികമേഖല അഭിവൃദ്ധിപ്പെടുന്നു.



നിത്യ.പി.പി
9 സി

# അക്ഷരമുറ്റം

ഹരിശ്രീ കുറിച്ചു കഴിയവെ
ഞാൻ അക്ഷര പൂമാലതേടി...
അക്ഷരങ്ങൾ തേടിയുള്ള ആ യാത്രയിൽ
ഇരുട്ടെൻ ശത്രുവായ് എന്നിൽ
അലിഞ്ഞ പ്രകാശ പൂർണ്ണമായ-
മുഖം... എൻ ഗുരുനാഥ.

ഇരുട്ടിൽ നിന്ന് കൈപിടിച്ചുയർത്തിയ
ഗുരുനാഥയായ്, എന്നെ സാരോ
പദേശം ചെയ്യുന്ന മുത്തശ്ശിയായ്
എന്റെ വിദ്യാലയം എൻ കൂടെയുണ്ട്...

കാലമൊത്തിരി പോകെ...
കൊതിപ്പൂ ഞാൻ...
ഓർമകൾ മണിചെപ്പ് തുറക്കുന്ന
ആ മണിചുവട്ടിൽ ഒത്തുചേരാൻ...






ഹിസാൻ.യു.എം

3എ



**ഉമർ ഫാറൂഖ്.പി**

**3 എ**





**അവന്തിക.കെ**
**9.സി**

# മുറ്റത്തെ മുല്ല

ഈ ലോകം ചുറ്റിക്കാണാൻ ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ.ഈ ലോകത്തെ വൈവിധ്യങ്ങളെക്കുറിച്ച് എനിക്ക് പലപ്പോഴും അത്ഭുതം തോന്നാറുണ്ട്. നമ്മുടെ സംസ്ഥാനമായ കൊച്ചു കേരളത്തിൽ തന്നെ എത്ര മനോഹരമായ കാഴ്ചകൾ കാണാനുണ്ട്? ആകാശത്തേയും ഭൂമിയേയും അതിലെ കാര്യങ്ങളേയും കുറിച്ച് അറിയാൻ എനിക്ക് ഒരുപാട് ആഗ്രഹമുണ്ട്. പല രാത്രികളിലും തനിച്ച് ആകാശം നോക്കി ഒരുപാട് സമയം നിന്നിട്ടുണ്ട്.അതിലെ ചന്ദ്രനും നക്ഷത്രങ്ങളും എന്നെ ഒരുപാട് ആകർഷിച്ചിട്ടുണ്ട്. അതിലെ വൈവിധ്യങ്ങൾ എന്റെ മനസ്സിന് സന്തോഷം പകർന്നിരുന്നു. അതിനാൽ തന്നെ എന്റെ വീട്ടിൽ ഒരു കൊച്ചു പരീക്ഷണശാലയുണ്ട്. അവിടെ പരീക്ഷണങ്ങളൊന്നും ഇല്ലെങ്കിലും എനിക്ക് കിട്ടുന്ന അറിവുകൾ ഞാൻ അവിടെ പകർത്തി വച്ചിരുന്നു. എന്നാൽ എന്റെ അമ്മയ്ക്ക് ഇതൊന്നും ഇഷ്ടമില്ലായിരുന്നു. നിനക്ക് ഭ്രാന്താണെന്ന് പറഞ്ഞ് എന്നും വഴക്കു പറയുമായിരുന്നു .ഭൂമിയുടെ ഈ അറ്റത്തുനിന്ന് തുടങ്ങിയ യാത്ര മറ്റേ അറ്റത്ത് അവസാനിക്കണമെങ്കിൽ നീ ഇപ്പോഴേ പരിശ്രമിക്കണം എന്നാൽ മാത്രമേ നീ വിജയം നേടുകയുള്ളൂ എന്ന് അമ്മ പറയും.

എന്നാൽ ഈ പ്രായത്തിന്റെ കിറുക്കായോ ആവേശമായോ എനിക്കത് തോന്നിയില്ല. എന്റെ വീട്ടിന്റെ അടുത്തുള്ള ചേച്ചി എന്നെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്തത് 'നീ നന്നായി പരിശ്രമിച്ചാൽ വിജയം കാണും എന്നും പറഞ്ഞു. ഞാൻ അതിൽ ഉറച്ച് വിശ്വാസിക്കുകയും അതിനുവേണ്ടി നന്നായി പരിശ്രമിക്കുകയും ചെയ്തു. ഒരു അവസരത്തിനായി കാത്തുനിന്നു.അങ്ങനെ എനിക്ക് ഒരു അവസരം കിട്ടി. എന്നാൽ ആ അവസരത്തിൽ എനിക്ക് വിജയിക്കാൻ പറ്റിയില്ല. എനിക്ക് താങ്ങാവുന്നതിലും അധികമായിരുന്നു അത്. ഞാൻ പരിശ്രമിച്ചതിന്റെ വിജയം എനിക്ക് കിട്ടിയില്ല. ഞാൻ പ്രതീക്ഷിക്കാതെ കിട്ടിയ തിരിച്ചടി. ആ നിമിഷം

എന്നോടും ഈ ലോകത്തോടും അടക്കാനാവാത്ത ദേഷ്യവും വെറുപ്പും തോന്നി. എന്റെ ജീവിത്തോടു തന്നെ മടുപ്പു തോന്നിയ നിമിഷം. എന്റെ വീട്ടിൽ ഞാൻ ഉണ്ടാക്കിയ ആ കൊച്ചു പരീക്ഷണശാലപോലും എന്റെ മനസ്സിൽ നിന്നും പടിയിറങ്ങിപ്പോയി.ഈ ഭൂമിക്ക് അറ്റമില്ലെന്നും എന്റെ ജീവിതം ഒരറ്റത്തും അവസാനിക്കില്ലെന്നും ഞാൻ ഉറച്ച് വിശ്വസിച്ചു. ഒന്ന് പൊട്ടിക്കരയാൻ പോലും കഴിയാതെ മിഴിച്ച് നിന്ന ആ നിമിഷങ്ങളിൽ എന്നെ ചേർത്തുപിടിച്ചത് എന്റെ അമ്മയായിരുന്നു.

അപ്പോൾ അമ്മ പറഞ്ഞതെല്ലാം ശരിയാണെന്നും ഇതിലൂടെ ഞാൻ എവിടെയും എത്തില്ലെന്നും ഞാൻ പറഞ്ഞു. എന്നാൽ അമ്മ എന്നെ ചേർത്തുപിടിച്ച് ആശ്വസിപ്പിക്കുകയാണ് ചെയ്തത്. ചെറിയ കാര്യങ്ങളിൽ തളരരുതെന്നും സൂര്യൻ എത്രകാലമുണ്ടോ അതിന്റെ അവസാനം വരെ പരിശ്രമിക്കണമെന്നു അതിലൂടെ നീ വിജയിക്കുമെന്നും അമ്മ പറഞ്ഞു. അപ്പോൾ ജീവിതത്തിന് ഒരർത്ഥമുണ്ടെന്ന്എനിക്ക് തോന്നി.താഴ്ന്നു തുടങ്ങിയ ജീവിതത്തിൽ നിന്നും ഉയരാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കി.കഴിഞ്ഞുപോയ ജീവിതത്തിൽ നിന്നും പുതിയ ജീവിതത്തിലേക്ക് ഒരു യാത്ര.അത് എവിടെ തുടങ്ങണമെന്നോ എങ്ങനെ തുടങ്ങണമെന്നോ എനിക്ക് അറിയില്ല.എന്നാൽ അമ്മ പറഞ്ഞ ആ വിജയം കൈവരിക്കുമെന്ന വിശ്വാസത്തോടെ ഞാൻ പുതിയ യാത്ര തുടങ്ങുന്നു.






**മുഹമ്മദ് സുഫിയാൻ.കെ**

**3 ബി**



**അർച്ചന.കെ.കെ**

**3ബി**



ലേഖനം



മുഹമ്മദ് സുബൈർ.വി.പി

## മാനവപുരോഗതിക്ക് മൂലകങ്ങളുടെ ആവർത്തനപ്പട്ടികയുടെ സ്വാധീനം


മൂലകങ്ങളുടെ ആവർത്തനപ്പട്ടികയുടെ നൂറ്റി അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ വർഷം ഈ വിഷയത്തിന് വളരെയേറെ പ്രാധാന്യം ഉണ്ട് . രസതന്ത്രത്തിൽ മൂലകങ്ങളുടെയും അവചേർന്നുണ്ടാകുന്ന സംയുക്തങ്ങളെയും കുറിച്ചുള്ള പഠനം വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. പ്രകൃതിയാൽ നിന്ന് ലഭിക്കുന്ന വിവിധ പദാർത്ഥങ്ങൾ ഉപയോഗിച്ചും അവയുടെ സവിശേഷതകളെ കുറിച്ച് പഠനം നടത്തിയും അതിലൂടെ പുതിയ പദാർത്ഥങ്ങൾ നിർമ്മിച്ചുമാണ് മനുഷ്യൻ പുരോഗതിയിലേക്ക് നീങ്ങിയത്. ഓരോ മൂലകത്തെക്കുറിച്ചും അവയുടെ നിരവധി സംയുക്തങ്ങളെക്കുറിച്ചും വെവ്വേറെ പഠിക്കുക എന്നത് ശ്രമകരമാണ്.ഈ പഠനം എളുപ്പമാക്കാനുള്ള മാർഗം മൂലകങ്ങളുടെ വർഗ്ഗീകരണമാണ്.

മൂലകങ്ങളുടെ സമാന സ്വഭാവങ്ങൾ അടിസ്ഥാനപ്പെടുത്തി അവയെ വർഗ്ഗീകരിക്കാനുള്ള ശ്രമങ്ങൾ വർഷങ്ങൾക്ക് മുമ്പ് തന്നെ ആരംഭിച്ചിരുന്നു ആന്റേയൻ ലാവോസിയ, ജോൺ ഡാൾട്ടൻ, J.W.ഡൊബെറൈനെർ, ചാൻകോർട്ടോയ് ജോൺ അലക്സാണ്ടർ ന്യൂലാൻഡ്സ്,ജൂലിയസ് ഗേഥർമേയർ തുടങ്ങിയ ശാസ്ത്രജ്ഞർ വർഗ്ഗീകരണത്തിനുള്ള ശ്രമങ്ങൾ നടത്തിയവരിൽ പ്രമുഖരാണ്.മൂലക വർഗ്ഗീകരണ ചരിത്രത്തിൽ നാഴികകല്ലായി മാറിയത് റഷ്യൻ ശാസ്ത്രജ്ഞരായ ദിമിത്രി ഇഹാനോവിച്ച് മെൻഡലീയേഫിന്റെ വർഗ്ഗീകരണമാണ്.1869 ലാണ് അന്ന് അറിയപ്പെട്ടിരുന്ന 63 മൂലകങ്ങളെ സമഗ്രമായി വർഗീകരിച്ച് പീരിയോഡിക് ടേബിളിന് രൂപം നൽകിയത്. മൂലകങ്ങളെ ആദ്യമായി സമഗ്രമായി വർഗീകരണം നടത്തിയത് മെൻഡലീയേഫ് ആണ്. ഈ വർഗീകരണത്തിന്റെ നൂറ്റി അമ്പതാം വാർഷികമാണ് 2019 .






നീരജ്
3എ





**ധനുഷ്.കെ.വി**
**3ബി**



# സാന്ത്വനം

ആയിഷ.എം.കെ
10എ

നല്ല തണുപ്പുള്ള രാത്രി എല്ലാവരെയും വിട്ട് ഒറ്റയ്ക്ക് കടൽത്തീരത്ത് കടലിനോടായി സംസാരിച്ചുകൊണ്ടിരുന്നു. നിലാവിന്റെ വെളിച്ചം... അത് എനിക്കായി തന്നതുപോലെതോന്നി. എല്ലാം മറന്ന് തിരമാലകളിൽ നോക്കി ആ ഭംഗി ഞാൻ ആസ്വദിച്ചു. ദൂരെ നിന്ന് ഒരു പൊട്ടിച്ചിരിയുടെ ശബ്ദം കേട്ടു. ഞാൻ ഏതോ ഒരു ലോകത്തെത്തിയപോലെ എനിക്ക് തോന്നി. ഞാൻ ആ ചിരി കേട്ട ഭാഗത്തേക്ക് നോക്കി .ഒരു ഇരുണ്ട നിറം മാത്രം ഞാൻ കണ്ടു. ചെറുതായൊന്നു ഭയന്നെങ്കിലും ആ ഭയത്തെ ഞാൻ തടഞ്ഞുനിർത്തി.പൊട്ടിച്ചിരിയുടെ ശബ്ദം തുടരെ തുടരെ കേട്ടുകൊണ്ടിരുന്നു. ഒരുപാടാളുകൾ ഒരുമിച്ച് ചിരിക്കുന്നപോലെ അതുകൊണ്ടുതന്നെ ഞാനവിടെ ഒറ്റയ്ക്കാണെന്നുള്ള തോന്നലുണ്ടായില്ല.സമയം പിന്നിടുന്തോറും ശബ്ദം കുറഞ്ഞ് കുറഞ്ഞ് വന്നു. നിലാവ് മാഞ്ഞു,വെളിച്ചം കുറഞ്ഞു..അപ്പോഴാണ് ദൂരെ നിന്ന് ഒരു കപ്പലിന്റെ നിഴൽ കാണുന്നത്.അടുത്തേക്ക് എത്തുന്തോറും കപ്പലിന്റെ വേഗം കൂടിക്കൂടി വന്നു.ഞാനൊന്നു ഭയന്നു. ഞാൻ കരുതി കപ്പൽ എന്റെ നേരെയാണ് വരുന്നതെന്ന്. കപ്പൽ അതിന്റെ വഴിക്ക് പോയി. ഇളം കാറ്റടിച്ചു കൂടെ ചെറിയ ചാറ്റൽ മഴയും....അങ്ങനെ കടലിനോട് കഥ പറഞ്ഞ് ഞാൻ ഉറങ്ങിപോയി.ആ രാത്രി അങ്ങനെ കടന്നുപോയി .

പിറ്റേന്ന് സൂര്യനുദിച്ചു ഞാൻ അവിടെ തന്നെ ഇരുന്നു കടലിനോട് സങ്കടം പറഞ്ഞ് ഒരുപാട് കരഞ്ഞു.എന്റെ സങ്കടക്കരച്ചിലിന്റെ തേങ്ങൽ കേൾക്കാൻ കടൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ...ഒരു തിരമാല എന്റെ കാലിൽ തഴുകി പോയി അത് എന്നെ ആശ്വസിപ്പിച്ചാതായിരുന്നു. നേരം ഉച്ചയോടടുത്തപ്പോൾ ഒരുകൂട്ടം ആളുകൾ കടലിൽ മത്സ്യബന്ധനത്തിനായി വന്നു.അവർ എന്നെ നോക്കി എന്തൊക്കെയോ കാര്യങ്ങൾ തിരക്കി. ഞാനവരെ തുറിച്ച് നോക്കുകമാത്രം ചെയ്തു. അവരിൽ ഒരാൾ എന്നോട് ചോദിച്ചു ഈ നട്ടുച്ച നേരത്ത് നീയെന്തിനാണിവിടെ ഒറ്റയ്ക്കിരിക്കുന്നത് ? അതിനു മറുപടിയായി ഞാനയാളെ ഒന്നു നോക്കുക മാത്രം ചെയ്തു. അപ്പോൾതന്നെ ഒരു ബോട്ട് വരികയും അവർ അതിൽ കയറി പോകുകയും ചെയ്തു.അപ്പോഴും അവർ എന്നെ നോക്കി പിറുപിറുക്കുന്നുണ്ടായിരുന്നു. അവർ പോയപ്പോൾ ഞാൻ തനിച്ചായി, എന്നാലും കടലമ്മയെ നോക്കുമ്പോൾ ഒരു ആശ്വാസം ഉണ്ടായി. എന്റെ എല്ലാ സങ്കടങ്ങളും കേട്ട കടലമ്മയോട്നന്ദി പറഞ്ഞ് ഞാൻ തിരിഞ്ഞു നടന്നു.......





**സൂര്യധാർമിക്**

**3എ**



**സജീറ 3 എ**





ഹിസ്സാൻ.യു.എം

# തത്തയും പൂച്ചയും

ഒരു കാട്ടിൽ തത്ത താമസിച്ചിരുന്നു .അവൾ കുഞ്ഞുങ്ങളെ കൂട്ടിൽ തനിച്ചാക്കി തീറ്റ തേടി നടന്നു . അങ്ങനെ കാട്ടിൽ നിന്ന് നാട്ടിൻ പുറത്തേക്ക് എത്തി . അവിടെ ഒരു വീട് കണ്ടു . അതിന്റെ അടുക്കള ഭാഗത്തേക്ക് തത്ത പറന്നു . അവിടെ പാത്രത്തിൽ വെച്ച പാൽ തത്ത കണ്ടു . തത്ത  അത് കുടിച്ചു . അപ്പൊ അത് കണ്ടുകൊണ്ട് ഒരു പൂച്ച അവിടേക്ക് വന്നു . തത്ത പൂച്ചയെ കണ്ട് പേടിച്ച് പറന്ന് പോയി ആ തത്തയെ പിടിക്കാൻ പിന്നാലെ പൂച്ചയും പോയി . അങ്ങനെ തത്തയുടെ കൂട് പൂച്ച കണ്ടുപിടിച്ചു . പൂച്ചയെ കണ്ട തത്ത പേടിച്ചു . തത്ത പൂച്ചയോട് ഒന്നും ചെയ്യരുത് എന്ന് കരഞ്ഞു . പൂച്ച തത്തയുടെ അടുത്തേക്ക് പോവാൻ മരത്തിൽ കയറി അപ്പോൾ അതിന്റെ വാൽ ഒരു കടന്നൽ കൂടിന് തട്ടി . കടന്നൽ കൂട്ടം പൂച്ചയെ അക്രമിച്ചു . പൂച്ച മരത്തിൽ നിന്ന് താഴേക്ക് വീണു . പിന്നീട് പൂച്ച ആ വഴിക്ക് പോയിട്ടില്ല . ആരെയും നമ്മൾ മനപൂർവ്വം ഉപദ്രവിക്കാൻ പാടില്ല .



അനഘ രാജ് കെ

# കടൽ

കടൽ നിന്നെ ഞാൻ അറിയുന്നു .
അകത്ത് ചുഴികളാൽ നിറഞ്ഞ്
പുറമെ നീ ശാന്തമായി നിൽക്കുന്നു
എന്തിനു നീ ഇങ്ങനെ
അല തല്ലി കരയുന്നു

നീയും എന്നെ പോലെ
തന്നെയാണോ...
മനസിൽ ക്രൂരതകൾ നിറഞ്ഞ്
പുറമെ സ്നേഹം നടിക്കുന്ന
മനുഷ്യനെപോലെയാണൊ നി...

കടൽ നിന്നെ ഞാൻ അറിയുന്നു.
സങ്കടത്താൽ നിറയുമ്പോൾ
മനുഷ്യൻ നിന്നെ കാണാൻ എത്തുന്നു.
അവരുടെ വിഷമങ്ങൾ നിന്നിലൊഴുകുന്നതുപോലെ
അപ്പോൾ അവർക്കൊരു ആശ്വാസമുണ്ടാകുന്നു.
ഇങ്ങനെ വിഷമങ്ങൾ ചേർന്നാണോ
നി ഇങ്ങനെ അലതല്ലി കരയുന്നത്



റിഷാന 9A

# സൈബർ ലോകത്തിലെ ആരാച്ചാർ

ജീവിതത്തിന്റെ ഒറ്റപ്പെട്ട ജയിലറയിൽ നിന്നും എങ്ങനെ മോചിതയാവണമെന്ന ഒരൊറ്റ ചിന്തയിലാണ് അശ്വതി ഇന്നും ഇന്നലയുമായി തുടങ്ങിയതല്ല അവളുടെ ആ ഒരു ചിന്ത അഞ്ച് വർഷമായി .

അശ്വതിയുടെ അമ്മയ്ക്കും അച്ഛനും കൂടി ആകെയുള്ള ഒരു മകളായിരുന്ന അശ്വതി എട്ടാം ക്ലാസ് വരെ അവൾ പഠിത്തത്തിലും കളിയിലും നല്ല മിടുക്കിയായിരുന്നു . കൂട്ടുകാർക്കൊക്കെ മൊബൈൽ ഉള്ളതിനാൽ അവൾക്കും ഒരു മൊബൈൽ ഫോൺ വാങ്ങിക്കൊടുത്തു. അവൾ വലിയ പണക്കാരിയൊന്നുമല്ല. അവളുടെ അമ്മ തൊഴിലുറപ്പിലും അച്ഛൻ മത്സ്യതൊഴിലാളിയുമാണ്. എന്നിട്ടും അവളെ വാക്കുകൊണ്ടുപോലും അവർ നോവിച്ചിട്ടില്ല.

എല്ലാദിവസവും സ്കൂളിൽനിന്നും വന്നയുടനെ അവൾ അര മണിക്കൂർ പഠിക്കാൻ ഇരിക്കുമായിരുന്നു. അതുകഴിഞ്ഞ് മാത്രമെ അവൾ ഭക്ഷണം കഴിക്കുകയുള്ളു . അതുകഴിഞ്ഞാൽ പിന്നെ സന്ധ്യയ്ക്ക് മുന്നേ അവൾ കുളിക്കും . പിന്നെ നിലവിളക്ക് കത്തിച്ച് കുറച്ച് രാമായണം വായിക്കും . അതുകഴിഞ്ഞ് ഉറങ്ങാൻ കിടക്കുന്നതിനുമുൻപ് വീണ്ടും പുസ്തകമെടുത്ത് വായിക്കും . പിന്നെ പുലർച്ചെ നാലുമണിക്ക് എഴുന്നേൽക്കും . കുളിയും പല്ലുതേക്കലുമൊക്കെ കഴിഞ്ഞാൽ പഠിക്കാൻ ഇരിക്കും . പിന്നെ ഏഴുമണിക്ക് ചായകുടിക്കും . പിന്നെ ഡ്രെസ്സ് ചെയ്യും . സ്കൂളിൽ പോകുമ്പോൾ എടുക്കാനുള്ളതൊക്കെ എടുത്ത് വച്ച് അവിടെ ഇരിക്കും . വെറുതെ ഇരിക്കേണ്ട എന്ന് കരുതി എന്തെങ്കിലും കഥാപുസ്തകം എടുത്ത് വായിക്കും . പിന്നെ 8:30 ആകുമ്പോൾ കൂട്ടുകാർ വരും . അമ്മയോട് ഇറങ്ങുന്നു എന്ന് പറഞ്ഞ് അവരോടൊപ്പം സ്കൂളിലേക്ക് പോകും .

എന്നാൽ ഒരു മൊബൈൽ കാരണം ഒക്കെ തകിടം മറിഞ്ഞു .പഠിത്തത്തിൽ ശ്രദ്ധ കുറവായി . ആരോടും മിണ്ടാതെയായി . കാശിന്വേണ്ടി അമ്മയോട് വഴക്കിടാൻ തുടങ്ങി . ഭക്ഷണവും പഴയതുപോലെ കഴിക്കാതായി . എപ്പോഴും ചിക്കനും പൊറോട്ടയും . അവളുടെ അമ്മയും അച്ഛനും അവളെ ഓർത്ത് കരയാത്ത ദിവസമില്ല . പിന്നീട് അങ്ങോട്ട് സ്കൂളിൽ നിന്നായി പ്രശ്നങ്ങളൊക്കെ . വീട്ടിലേക്ക് കോൾ വരാൻ തുടങ്ങി . നിങ്ങളുടെ മകൾ സ്കൂണിൽ എത്തിയിട്ടില്ല എന്നും പറഞ്ഞ് . പക്ഷെ വീട്ടിലേക്ക് വരുന്നതാണെങ്കിലൊ , രാത്രി എട്ടു മണിക്കും . എന്തെങ്കിലും ചോദിച്ചാലോ പെട്ടെന്ന് ചൂടാകും . അതുകൊണ്ട് അവളുടെ അമ്മയും അച്ഛനും അവളോട് ഒന്നും ചോദിക്കാറില്ല . പിന്നീട് അവൾ സ്കൂളിലേക്ക് പോകാതെയായി . കൂട്ടുകാരിയുടെ പിറന്നാൾ ആണെന്നും അവൾക്കേ് ശമ്മാനം വാങ്ങണമെന്നും പറഞ്ഞ് ഇറങ്ങും .

ഒരിക്കൽ അവളുടെ അച്ഛൻ അവളുടെ പിറകെ പോയി . അപ്പോൾ അവൾ ഒരു ചെറുക്കന്റെ ബൈക്കിന്റെ പിറകിൽ കയറി പോകുന്നത് കണ്ടു . അപ്പോൾ തന്നെ അവളുടെ അച്ഛൻ തലകറങ്ങി വീണു . അവിടെ ഉണ്ടായിരുന്നവർ അയാളെ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല . ഹാർട്ടറ്റാക്കായിരുന്നു . ഇത് അശ്വതിക്കും അവളുടെ അമ്മയ്ക്കും അറിയില്ല .

രാത്രിയിലും അച്ഛനെ കാണാത്തതിനാൽ അശ്വതി അമ്മയോട് കാര്യം തിരക്കി : അമ്മേ അച്ഛൻ എന്ത്യേ ?

അത് ആരോ വഴിയിൽ തലകറങ്ങി വീണപ്പോൾ അയാളെ ആശുപത്രിയിൽ കൊണ്ടുപോയതാ . നാളെയോ മറ്റന്നാളൊ വരുവായിരിക്കും . അവളുടെ അമ്മ അവൾക്ക് മറുപടി കൊടുത്തു .


പിറ്റേ ദിവസം ഉച്ചയ്ക്ക് അവളുടെ അമ്മയെ ടീച്ചർ വിളിച്ചു . പെട്ടെന്ന് സ്കൂളിലേക്ക് വരാൻ പറഞ്ഞു . അവളുടെ അമ്മ പെട്ടെന്ന് സ്കൂളിലേക്ക് പോയി . അവിടെ എത്തിയപ്പോഴേക്കും അശ്വതി കരയുന്നതാണ് കണ്ടത് . അവളുടെ അമ്മ അടുത്തേക്ക് ചെല്ലാൻ തുനിഞ്ഞപ്പോഴേക്കും ടീച്ചർ വന്നു തടഞ്ഞു . എന്നിട്ട് കാര്യങ്ങളൊക്കെ പറഞ്ഞു . എന്നിട്ട് അവളുടെ മൊബൈൽ എടുത്തു . അവൾ chat ചെയ്തതും call ആക്കിയതും ഒക്കെ കാണിച്ചുകൊടുത്തു . അപ്പോൾ തന്നെ അവളുടെ അമ്മയും തലകറങ്ങി വീണു . അച്ഛനെപ്പോലെ തന്നെ അവളുടെ അമ്മയും പോയി .

അവളുടെ അച്ഛനും അമ്മയും മരിക്കാൻ കാരണം അവളാണെന്ന് അറിഞ്ഞതോടെ അവൾ ആ മൊബൈൽ വലിച്ചെറിഞ്ഞു . പിന്നീട് അവൾ അവിടെ നിന്നും നാടുവിട്ടു . പിന്നീട് അങ്ങോട്ടുള്ള ജീവിതം വളരെ കഷ്ടപ്പാടിലും ദുരിതപൂർണവുമായിരുന്നു . ആരോടെങ്കിലും പൈസ തിരക്കും . കിട്ടിയത് ഭക്ഷിക്കും . അങ്ങനെ തുടർന്നു , പിന്നീടങ്ങോട്ടുള്ള അവളുടെ ജീവിതം ...



**ആദിശങ്കർ.കെ.പി**

**3എ**





ഫാത്തിമത്ത് ഷബീബ

# യാത്ര

ഭൂമിയുടെ ഒരറ്റത്ത് നിന്ന് തുടങ്ങിയ യാത്രയാണ് അയാളുടേത് . ഭൂമിയിലേക്ക് പിറന്ന് വീണതു മുതൽ ഏകാന്തത മാത്രം അനുഭവിക്കുകയാണ് അയാൾ . എവിടെയാണ്. തന്റെ ജനനം, ആരാണ് തന്റെ മാതാപിതാക്കൾ ഒന്നും തന്നെ അറിയാതെ ഭൂമിയുടെ ഒരു കോണിൽ നിന്നും തുടങ്ങിയ യാത്ര . ഇപ്പോളും തുടരുകയാണ് .

ജനനം ഒരു ജില്ലാ ആശുപത്രിയിലായിരുന്നുവെന്ന് മാത്രം മഠത്തിലെ സിസ്റ്റർ പറഞ്ഞ് അറിയാം . തന്റെ ജനനത്തോടെ അമ്മയുടെ മരണമായിരുന്നുവെന്ന് ക്ലാസിലെ കുട്ടികളുടെ മുന്നിൽ വച്ച് ഒരിക്കൽ സിസ്റ്റർ പറയുകയുണ്ടായി . അതുകൊണ്ട് തന്നെ കുട്ടികൾ എല്ലാവരും ' അമ്മയെ കൊന്നവൻ ' എന്ന ഒരു പേരും അവനിട്ടു . എല്ലാവരുടെ ഇടയിലും ഒറ്റപ്പെട്ടു പോയ അവസ്ഥ . എങ്ങും കളിയാക്കലും പരിഹസിക്കലും മാത്രം . മഠത്തിലെ സിസ്റ്ററാണ് അവനെ വളർത്തിയത് . ചുറ്റിനും എല്ലാവരും ഉണ്ടായിട്ടും ആരും ഇല്ല എന്ന തോന്നൽ അവന് അനുഭവപ്പെട്ടു . അത് അവനെ വല്ലാതെ തളർത്തുന്ന ഒന്നായിരുന്നു . എന്നാൽ അവനെ ചെറുപ്പം മുതലെ എടുത്തു നടന്ന സ്വന്തം അമ്മയെപ്പോലെ അവനെ സ്നേഹിച്ചിരുന്ന സിസ്റ്റർ ആൻമരിയ അവന് വല്ലാതെ പ്രചോദനം നൽകി . പഠനത്തിൽ തന്റെ കഴിവ് തെളിയിക്കാൻ മറ്റുള്ളവരുടെ പരിഹാസത്തിന് കളിയാക്കലിനും മുന്നിൽ പതറാതെ പിടിച്ചുനിൽക്കാൻ അവന് തന്റെ മരിയ ടീച്ചറുടെ വാക്കുകൾ മതിയാവുമായിരുന്നു . അങ്ങനെ അവൻ ഒൻപതാം ക്ലാസിൽ പടിക്കവെ ആദ്യമായി അവൻ തന്റെ പ്രാണനെ കണ്ടു മുട്ടുകയാണ് . ആകെ അവന്റെ ആത്മചിത്രം . ഇത്രയും നാളുകൾക്ക് ശേഷം അവന്റെ ജീവിതത്തിൽ ആദ്യമായി ഒരു സുഹൃത്ത് കടന്നു വരികയാണ് .
ജോൺ എന്നായിരുന്നു അവന്റെ പേര് . പിന്നെയുള്ള അവന്റെ ഓരോ ഉയർച്ചയ്ക്കു പിന്നിലും ആ ഉറ്റ സുഹൃത്തിനെ കാണാമായിരുന്നു .

പത്താംക്ലാസിൽ നല്ലമാർക്കോടെ അല്ലെങ്കിലും അവൻ പാസായി . അവൻ പഠിക്കുന്ന ഗവൺമന്റ് സ്കൂളിൽ നല്ലമാർക്കോടെ പാസായ തന്റെ ഉറ്റ ചങ്ങാതി പഠിക്കാൻ വേണ്ടി വരുകയാണ് . അവനറിയാം അത് അവനെ തേടിയുള്ള വരവാണെന്ന് . അങ്ങനെ അവർ നല്ല രീതിയിൽ പഠിച്ചു. പ്ലസ് വൺ പഠിക്കുന്ന കാലത്തായിരുന്നു മരിയ ടീച്ചർ തന്നെ വിട്ട് പോയി എന്ന് അവൻ അറിയുന്നത് .

ടീച്ചറുടെ മരണം , അത് അവനെ ഇല്ലാതാക്കാൻ പോലും അത്ര ശക്തിയുള്ളതായിരുന്നു . എന്നാൽ ജോൺ അവനെ ആശ്വസിപ്പിച്ച്, സമാധാനിപ്പിച്ച് വീണ്ടും പഴയതിലേക്ക് എത്തിക്കുകയാണ് ഉണ്ടായത്.അവിടെ ഒരു നല്ല സുഹൃത്തിന്റെ സ്ഥാനം അറിയുകയാണ് ഉണ്ടായത്. +2 EXAM നല്ല മാർക്കോടെ പാസ്സായി.ഉയർന്ന ജോലി എന്ന ആഗ്രഹം മനസ്സിൽ കണ്ട് കൊണ്ട് ജോൺ തന്റെ സുഹൃത്തിനെ ഒരു കരയിൽ എത്തിച്ച് ഉയർന്നപഠനത്തിനുവേണ്ടി U S A യിലേക്ക് പോയി . ഇനിയെന്ത് എന്ന ഉദ്ദേശത്തോടേ നിന്നപ്പോഴാണ് പള്ളിയിലെ ഫാദർ റൊസാരിയോ ലണ്ടനിലേക്ക് പോകാൻ നിർദ്ദേശിച്ചത് . അത് അവന്റെ ലക്ഷ്യത്തിലേക്കുള്ള വഴിയായിരുന്നു .

U K യിലെ OXFORD യൂണിവേഴ്സിറ്റിയിൽ പഠിക്കാൻ ഒരു അവസരം ലഭിച്ചു . ജാതിയേത് മതമേത് എന്ന് അറിയാതെ ക്രിസ്ത്യാനിയായി വളർന്ന അവൻ ആ മതത്തിലും തന്റെ ആ പേരിലും അറിയപ്പെട്ടു . ഭൂമിയുടെ ഒരറ്റത്തു നിന്ന് തുടങ്ങിയ യാത്രയാണ് അവന്റേത് . യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുധമെടുത്ത് പഠിച്ചിറങ്ങിയിട്ട് പോയത് U S A യിലേക്ക് ആയിരുന്നു . തന്റെ ഓരോ വിജയത്തിനു പിന്നിലും കൂടെ ഉണ്ടായിരുന്ന സുഹൃത്തിനെ കാണാൻ . എന്നാൽ അവനെ കാണാൻ പറ്റിയില്ല. ഓസ്ട്രേലിയയിലെ ഒരു പ്രശസ്തമായ സ്റ്റേജ് പരിപാടിയിൽ അയാളെ വിളിക്കുകയാണ് . സമൂഹത്തിലെ ഉന്നതർ മാത്രം പങ്കെടുക്കുന്ന അവിടേക്ക് അവനും പോയി . അപ്പോഴാണ് തന്റെ ആത്മമിത്രത്തെ അവൻ വീണ്ടും കാണുന്നത് . അങ്ങനെ അവർ വീണ്ടും ഒന്നിച്ചു . എവിടെയോ ജനിച്ച് വളർന്ന അവൻ ഒരു വലിയ സ്ഥാനത്ത് എത്തിച്ചേർന്നു . ഭൂമിയുടെ ഒരറ്റത്തുനിന്ന് തുടങ്ങിയ യാത്ര അവിടെ അവസാനിച്ചില്ല . വീണ്ടും തുടരുകയാണ് പിന്നീടുള്ള അവന്റെ യാത്രയിലും തന്റെ സുഹൃത്ത് ജോൺ തന്നെയായിരുന്നു കൂടെ ഉണ്ടായത് .....



ഖൈറുന്നീസ.കെ
10 എ

# എന്റെഅവധികാല യാത്ര

അവധികാലത്തെ ഒരു യാത്രയിലായിരുന്നു ഞാനും എന്റെ കുടുംബവും . കണ്ണൂർ വിസ്മയ പാർക്കിലേക്കായിരുന്നു ഞങ്ങളുടെ യാത്ര . വളരെയധികം സന്തോഷത്തിലും ആകാംക്ഷയിലുമായിരുന്നു ഞാൻ . ട്രെയിനിലായിരുന്നു ഞങ്ങളുടെ യാത്ര . യാത്ര വളരെയധികം രസകരമായിരുന്നു . കഥ പറഞ്ഞും കാഴ്ചകൾ കണ്ടും ഞങ്ങൾ യാത്ര തുടർന്നു . അവിടെ എത്താനുള്ള തിടുക്കത്തിലായിരുന്നു ഞാൻ . ഒരു നീണ്ട യാത്രയ്ക്ക് ശേഷം ഞങ്ങൾ പാർക്കിലെത്തിച്ചേർന്നു . ആദ്യം ഞങ്ങൾ ഡ്രസ്സ് മാറി . പിന്നീട് ഉച്ചഭക്ഷണം കഴിച്ചു . ഭക്ഷണം വളരെ സ്വാധിഷ്ടമായിരുന്നു . പാർക്കിലെ റൈഡുകൾ കണ്ടപ്പോൾ എനിക്ക് വളരെയധികം സന്തോഷമായി . പിന്നീട് ഞങ്ങൾ ഓരോ റൈഡിലും കളിച്ചു . റൈഡുകളെല്ലാം വളരെ രസകരവും ഭയപ്പെടുത്തുന്നതുമായിരുന്നു . അവസാനമായി ഞങ്ങളെല്ലാവരും സ്വിമ്മിങ് പൂളിൽ കളിച്ചു . സ്വിമ്മിങ് പൂൾ എനിക്ക് വളരെയധികം ഇഷ്ടമായി . ഞാൻ സ്വിമ്മിങ് പൂളിൽ കൂടുതൽ നേരം ചെലവഴിച്ചു . പിന്നീടുള്ള ഞങ്ങളുടെ യാത്ര snake park ലേക്കായിരുന്നു . അവിടെ നിന്നും എനിക്ക് വ്യത്യസ്തങ്ങളായ മൃഗങ്ങളെ കാണാനും അവയുടെ പേരുകൾ മനസിലാക്കാനും സാധിച്ചു . പല വലുപ്പത്തിലും പലപല രൂപത്തിലുമുള്ള മൃഗങ്ങൾ എന്നെ ഭയപ്പെടുത്തി . കുറച്ച് നേരം അവിടെ ചെലവഴിച്ച ശേഷം ഞങ്ങൾ യാത്ര തിരിച്ചു . ട്രെയിനിൽ തന്നെയായിരുന്നു ഞങ്ങളുടെ മടക്കം . ഞാൻ വളരെയധികം ക്ഷീണിതയായിരുന്നു . ഞാൻ അറിയാതെ ഉറക്കിലേക്ക് വഴുതിവീണു . എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു അനുഭവമായിരുന്നു ഇത് .

# നന്ദി